# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**DATE : 05.10.2023** **TIME : 6.30 PM**

## പ്രധാന വാർത്തകൾ

1. നാടിന്റെ വികസനം ലക്ഷ്യമാക്കി ആസൂത്രണം ചെയ്യുന്ന പദ്ധതികളിലെ അനാവശ്യമായ എതിർപ്പുകൾ സംസ്ഥാനത്തെ പിന്നോട്ട് നയിക്കുമെന്ന് കോഴിക്കോട് ചേർന്ന മേഖലാതല അവലോകനയോഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ.

2. അതിദരിദ്ര കുടുംബങ്ങളിലെ കുട്ടികൾക്ക് കെഎസ്ആർടിസിയിലും സ്വകാര്യ ബസുകളിലും സൗജന്യ യാത്ര അനുവദിച്ച് ഗതാഗത വകുപ്പ് ഉത്തരവിറക്കി.

3. സാഹിത്യത്തിനുള്ള നൊബേൽ പുരസ്കാരം നോർവീജിയൻ എഴുത്തുകാരൻ യോൺ ഫോസേയ്ക്ക്.

4. മുൻ എംഎൽഎയും മുതിർന്ന സിപിഐ-എം നേതാവുമായ ആനത്തലവട്ടം ആനന്ദൻ അന്തരിച്ചു.

5. ഹാങ്ചൗ ഏഷ്യൻ ഗെയിംസിൽ 21 സ്വർണമുൾപ്പെടെ 86 മെഡലുകളുമായി ഇന്ത്യയുടെ മുന്നേറ്റം.

6. ഐ.സി.സി ലോകകപ്പ് ക്രിക്കറ്റ് ഉദ്ഘാടന മത്സരത്തിൽ ഇംഗ്ലണ്ടിനെതിരെ ന്യൂസിലൻഡിന് 283 റൺസ് വിജയലക്ഷ്യം.

$$$$$$$$$$$$$$

ഹെഡ് ലൈൻ 1

**മുഖ്യമന്ത്രി**

നാടിന്റെ വികസനം ലക്ഷ്യമാക്കി ആസൂത്രണം ചെയ്യുന്ന പദ്ധതികളിലെ അനാവശ്യമായ എതിർപ്പുകൾ കേരളത്തെ പിന്നോട്ട് നയിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും നേതൃത്വത്തിൽ കോഴിക്കോട് ചേർന്ന മേഖലാതല അവലോകനയോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഭരണനടപടികളുടെ വേഗത കൂട്ടുക, സുതാര്യത ഉറപ്പുവരുത്തുക തുടങ്ങിയവ ലക്ഷ്യമിട്ട് പ്രവർത്തിക്കണമെന്നും മുഖ്യമന്ത്രി ആഹ്വാനം ചെയ്തു. പുതിയ ഭരണ സംസ്കാരം ഉണ്ടാക്കലാണ് മേഖലാതലാ അവലോകന യോഗങ്ങളിലൂടെ ഉദ്ദേശിക്കുന്നതെന്നും അദ്ദേഹം വ്യക്തമാക്കി. കോഴിക്കോട്, കണ്ണൂർ, കാസർകോട്, വയനാട് ജില്ലകളുടെ അവലോകനയോഗമാണ് ഇന്ന് ചേർന്നത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു**

(ഹോൾഡ്)

$$$$$$$$$$$$$

ഹെഡ് ലൈൻ 2

**സൗജന്യ യാത്ര.**

അതിദരിദ്ര കുടുംബങ്ങളിലെ കുട്ടികൾക്ക് കെഎസ്ആർടിസിയിലും സ്വകാര്യ ബസുകളിലും സൗജന്യ

യാത്ര അനുവദിച്ച് ഗതാഗത വകുപ്പ് ഉത്തരവിറക്കി. വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് മാത്രമാണ് സൗജന്യ യാത്ര അനുവദിക്കുന്നത്. നവംബർ ഒന്ന് മുതൽ ഉത്തരവ് പ്രാബല്യത്തിൽ വരും. സംസ്ഥാനത്തെ 64,000 കുടുംബങ്ങളിലെ വിദ്യാർഥികൾക്കാണ് സൗജന്യയാത്ര അനുവദിക്കുന്നത്. പത്താം ക്ലാസ്സ് കഴിഞ്ഞ കുട്ടികൾക്ക് തൊട്ടടുത്ത സ്കൂളിൽ പഠിക്കാനും സൗകര്യം ഏർപ്പെടുത്തും. നിലവിൽ ഹയർ സെക്കൻഡറി വരെ മുഴുവൻ വിദ്യാർത്ഥികൾക്കും കെഎസ്ആർടിസി ബസുകളിൽ സൗജന്യ യാത്രയാണ്. കോളജ് തലത്തിൽ മാനദണ്ഡങ്ങൾ പരിഗണിച്ച് കൺസഷൻ നിരക്കാണുള്ളത്.

$$$$$$$$$$$$$

**മന്ത്രി വീണാ ജോർജ്.**

കോഴിക്കോട് ജില്ലയിൽ നിപ സ്ഥിരീകരിച്ച ശേഷം വിവിധ ഘട്ടങ്ങളിൽ സമ്പർക്ക പട്ടികയിൽ ഉൾപ്പെട്ട മുഴുവൻ പേരും ഐസൊലേഷനിൽ നിന്നും ഒഴിവായതായി മന്ത്രി വീണാ ജോർജ്. കോഴിക്കോട് വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. അവസാന നിപ പോസിറ്റിവ് കേസ് കണ്ടെത്തിയിട്ട് ഒക്ടോബർ അഞ്ചിന് 21 ദിവസം പൂർത്തിയായ സാഹചര്യത്തിലാണ് നടപടി. സുരക്ഷക്ക് വേണ്ടി അടുത്ത 21 ദിവസം കൂടി ഡബിൾ ഇൻകുബേഷൻ പീരിയഡ് ആയി കണക്കാക്കി കൺട്രോൾ റൂം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ഒക്ടോബർ 26 വരെ തുടരുമെന്നും മന്ത്രി പറഞ്ഞു.

$$$$$$$$$$$$$

## ഹെഡ് ലൈൻ 5

**ഏഷ്യൻ ഗെയിംസ്**

ഹാങ്ചൗ ഏഷ്യൻ ഗെയിംസിൽ 21 സ്വർണമുൾപ്പെടെ 86 മെഡലുകളുമായി ഇന്ത്യയുടെ മുന്നേറ്റം. അമ്പെയ്ത്തിൽ രണ്ടു സ്വർണവും സ്ക്വാഷ് മിക്സ്ഡ് വിഭാഗത്തിൽ ഒരു സ്വർണവുമാണ് ഇന്ത്യ ഇന്ന് നേടിയത്. അമ്പെയ്ത്ത് കോമ്പൗണ്ട് വനിതാ വിഭാഗത്തിൽ ജ്യോതി-പർണീത്-അദിതി സഖ്യവും, പുരുഷ വിഭാഗത്തിൽ ഓജസ്-അഭിഷേക്-പ്രഥമേഷ് സഖ്യവും സ്വർണം നേടി. സ്ക്വാഷ് മിക്സഡ് വിഭാഗത്തിൽ ദീപിക പള്ളിക്കൽ-ഹരീന്ദർപാൽ സഖ്യം മലേഷ്യൻ സഖ്യത്തെ പരാജയപ്പെടുത്തിയാണ് സ്വർണം നേടിയത്. സ്ക്വാഷ് സിംഗിൾസിൽ സൗരവ് ഘോസാൽ വെള്ളി മെഡൽ നേടി. വനിതകളുടെ 53 കിലോഗ്രാം ഗുസ്തിയിൽ ഇന്ത്യയുടെ അന്തിം പൻഘാൽ വെങ്കലം നേടി. ഹോക്കി സെമിഫൈനലിൽ ഇന്ത്യൻ വനിതാ ടീം ചൈനയോട് പരാജയപ്പെട്ടു. ഏഷ്യാഡിൽ 21 സ്വർണവും 32 വെള്ളിയും 33 വെങ്കലവുമടക്കം 86 മെഡലുകൾ നേടി നാലാം സ്ഥാനത്താണ് ഇപ്പോൾ ഇന്ത്യ. ചൈനയും, ജപ്പാനും, ദക്ഷിണകൊറിയയുമാണ് ആദ്യ മൂന്ന് സ്ഥാനങ്ങളിൽ.

$$$$$$$$$$$$$

## ഹെഡ് ലൈൻ 3

**നൊബേൽ സമ്മാനം സാഹിത്യം**

സാഹിത്യത്തിനുള്ള നൊബേൽ പുരസ്കാരം നോർവീജിയൻ എഴുത്തുകാരൻ യോൺ ഫോസേയ്ക്ക്. നാടകം, നോവൽ, കവിത, ബാലസാഹിത്യം, വിവർത്തനം തുടങ്ങി

എഴുത്തിന്റെ നാനാമേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ച സാഹിത്യകാരനാണ് ജോൺ ഫോസെ. സ്വീഡിഷ് അക്കാദമിയാണ് പുരസ്കാരം പ്രഖ്യാപിച്ചത്.

$$$$$$$$$$$$$

ഹെഡ് ലൈൻ 4

**ആനത്തലവട്ടം ആനന്ദൻ അന്തരിച്ചു.**

മുൻ എം.എൽ.എയും മുതിർന്ന സി പി എം നേതാവും സി ഐ ടി യു സംസ്ഥാന പ്രസിഡന്റുമായ ആനത്തലവട്ടം ആനന്ദൻ അന്തരിച്ചു. 86 വയസ്സായിരുന്നു. അസുഖബാധിതനായി ചികിത്സയിലിരിക്കെ തിരുവനന്തപുരം മെഡിക്കൽ കോളജിലായിരുന്നു അന്ത്യം. 1987, 1996, 2006 വർഷങ്ങളിൽ ആറ്റിങ്ങലിൽ നിന്നുള്ള നിയമസഭാംഗമായിരുന്നു. ചിറയിൻകീഴ് പഞ്ചായത്ത് പ്രസിഡൻറായും പ്രവർത്തിച്ചിട്ടുണ്ട്. ആനത്തലവട്ടം ആനന്ദൻറെ നിര്യാണത്തിൽ മന്ത്രിമാർ ഉൾപ്പെടെയുള്ള മുതിർന്ന നേതാക്കൾ അനുശോചനം രേഖപ്പെടുത്തി. ഭൗതിക ശരീരം ഇന്ന് രാത്രി 7 മണിയോടെ ചിറയിൻകീഴിലുള്ള വസതിയിൽ എത്തിക്കും. നാളെ എകെജി സെന്ററിലും സിഐടിയു സംസ്ഥാന കമ്മിറ്റി ഓഫീസിലും പൊതുദർശനം നടത്തിയ ശേഷം തൈക്കാട് ശാന്തി കവാടത്തിൽ വൈകുന്നേരം അഞ്ച് മണിക്ക് സംസ്കാര ചടങ്ങുകൾ നടക്കും.

$$$$$$$$$$$$$

**മൂഴിയാർ**

പെൻസ്റ്റോക്ക് പൈപ്പിൽ ചോർച്ചയുണ്ടായതിനെത്തുടർന്ന് മൂഴിയാർ ഡാമിന്റെ രണ്ട് ജനറേറ്ററുകളുടെ പ്രവർത്തനം മൂന്ന് ദിവസത്തേയ്ക്ക് നിർത്തിവച്ചു. മൂഴിയാർ പവർഹൗസിലേയ്ക്ക് വെള്ളം കൊണ്ടുപോകുന്ന പെൻസ്റ്റോക്ക് പൈപ്പിലാണ് ചോർച്ചയുണ്ടായത്. ചോർച്ച പരിഹരിക്കുന്നതിനു മൂന്നു ദിവസം എടുക്കുമെന്നും അപകടകരമായ യാതൊരു സാഹചര്യവും നിലവിലില്ലെന്നും കെ.എസ്.ഇ.ബി മൂഴിയാർ ഡാം ഡിവിഷൻ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ അറിയിച്ചു

$$$$$$$$$$$$$$

## സി ആർ പി എഫ്

രാജ്യത്ത് ജനങ്ങളിൽ ദേശീയോദ്ഗ്രഥനം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യവുമായി സി ആർ പി എഫ് സംഘടിപ്പിക്കുന്ന വനിതാ ഉദ്യോഗസ്ഥരുടെ മോട്ടോർ സൈക്കിൾ റാലി തിരുവനന്തപുരം പള്ളിപ്പുറം സി ആർ പി എഫ് ക്യാമ്പിൽ എത്തി. പള്ളിപ്പുറം സി ആർ പി എഫ് ഗ്രൂപ്പ് സെൻറർ ഡി ഐ ജി വിനോദ് കാർത്തിക്കിൻറെ നേതൃത്വത്തിൽ റാലിക്ക് സ്വീകരണം നൽകി. കന്യാകുമാരിയിൽ നിന്നാണ് ദക്ഷിണ മേഖല റാലി ആരംഭിച്ചത്. 25 ബൈക്കുകളിലായെത്തിയ 50 വനിതാ ഉദ്യോഗസ്ഥരടങ്ങുന്ന സംഘത്തെ പള്ളിപ്പുറത്ത് തിരുവനന്തപുരം റേഞ്ച് ഡി.ഐ.ജി ആർ. നിശാന്തിനി, മുൻ ഡിജിപി ബി. സന്ധ്യ എന്നിവർ ചേർന്ന് ഫ്ളാഗ് ഇൻ ചെയ്തു. 7 മലയാളികളും സംഘത്തിലുണ്ട്.

$$$$$$$$$$$$$$

## മാത്യു കുഴൽനാടൻ

മാസപ്പടി വിവാദത്തിൽ കേസ്സെടുത്ത് അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ട് മാത്യു കുഴൽനാടൻ എംഎൽഎ വിജിലൻസ് ഡയറക്ടർക്ക് കത്ത് നല്കി. മുഖ്യമന്ത്രിക്കെതിരെ അന്വേഷണം വേണമെന്നാണ് കത്തിലെ ആവശ്യം. കോൺഗ്രസ് പാർട്ടിയുടെ പൂർണ്ണ പിന്തുണ തനിക്കുണ്ടെന്നും മാത്യു കുഴൽനാടൻ പറഞ്ഞു.

$$$$$$$$$$$$$

## അനുവദിച്ചു

സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 185.68 കോടി രൂപകൂടി അനുവദിച്ചു. പരമ്പരാഗത ചെലുകൾക്കായി തദ്ദേശ സ്ഥാപനങ്ങൾക്ക് ബജറ്റിൽ നീക്കിവച്ച തുകയുടെ ഏഴാംഗഡുവാണ് അനുവദിച്ചതെന്ന് ധന മന്ത്രി കെ എൻ ബാലഗോപാൽ അറിയിച്ചു.

$$$$$$$$$$$$$

## നാടൻ തോട്ടണ്ടി സംഭരണം

സർക്കാർ സ്ഥാപനങ്ങളിലൂടെ സംഭരിച്ച നാടൻ തോട്ടണ്ടിയുടെ വിലയായി കർഷകർക്ക് ധനവകുപ്പ് 90.28 ലക്ഷം രൂപ അനുവദിച്ചു. സംസ്ഥാന കശുവണ്ടി വികസന കോർപറേഷൻ, കാപ്പെക്സ് എന്നിവവഴി സംഭരിച്ച തോട്ടണ്ടിയുടെ വിലയായാണ് തുക അനുവദിച്ചത്. സംസ്ഥാന കശുവണ്ടി വികസന കോർപറേഷൻവഴി 60

ലക്ഷം രുപയും, കാപ്പെക്സ്വഴി 30.28 ലക്ഷം രുപയും കർഷകർക്ക് ലഭ്യമാക്കും.

$$$$$$$$$$$$$$

## ഹെഡ് ലൈൻ 6

## ഐ.സി.സി

ഐ.സി.സി ഏകദിന ലോകകപ്പ് ക്രിക്കറ്റ് ഉദ്ഘാടന മത്സരത്തിൽ ഇംഗ്ലണ്ടിനെതിരെ ന്യൂസിലൻഡിന് 283 റൺസ് വിജയലക്ഷ്യം. ആദ്യം ബാറ്റ് ചെയ്ത ഇംഗ്ലണ്ട് നിശ്ചിത 50 ഓവറിൽ 9 വിക്കറ്റ് നഷ്ടത്തിൽ 282 റൺസ് നേടി. മറുപടി ബാറ്റിങ്ങിനിറങ്ങിയ ന്യൂസിലൻഡ് ഒടുവിൽ വിവരം കിട്ടുമ്പോൾ 6.1 ഓവറിൽ ഒരു വിക്കറ്റ് നഷ്ടത്തിൽ 41 റൺസ് എന്ന നിലയിലാണ്. ടോസ് നേടിയ ന്യൂസിലൻഡ് ഇംഗ്ലണ്ടിനെ ബാറ്റിങ്ങിന് അയക്കുകയായിരുന്നു. അഹമ്മദാബാദിലെ നരേന്ദ്രമോദി സ്റ്റേഡിയത്തിൽ ഉച്ചയ്ക്ക് രണ്ട് മണിക്കാണ് ഉദ്ഘാടന മത്സരം ആരംഭിച്ചത്. ഒന്നര മാസം നീളുന്ന ലോകകപ്പ് മത്സരങ്ങൾ രാജ്യത്തെ പത്ത് വേദികളിലായാണ് നടക്കുന്നത്.

$$$$$$$$$$$$$$

## സംസ്ഥാന സ്കൂൾ കായിക മേള

65-ാമത് സംസ്ഥാന സ്കൂൾ കായിക മേളയുടെ ഒരുക്കങ്ങൾക്ക് തൃശൂർ ജില്ലയിലെ കുന്നംകുളത്ത് നാളെ തുടക്കമാകും. രാവിലെ 11 മണിക്ക് സ്വാഗത സംഘം ചെയർമാൻ എ.സി. മൊയ്തീൻ MLA പന്തൽ കാൽനാട്ടു കർമ്മം നിർവ്വഹിക്കും. ഈ മാസം 16 മുതൽ 20 വരെ കുന്നംകുളം സീനിയർ ഗ്രൗണ്ടിലാണ് കായികമേള

അരങ്ങേറുന്നത്. ഇതോടനുബന്ധിച്ചു വിപുലമായ ഒരുക്കങ്ങളാണ് കുന്നംകുളത്ത് തയ്യാറായിവരുന്നത്.

$$$$$$$$$$$$$$

**ഓഹരി/സ്വർണം**

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 405 പോയിന്റ് നേട്ടത്തിൽ 65,631 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 109 പോയിന്റ് ഉയർന്ന് 19,546 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണവില ഗ്രാമിന് 20 രൂപ കുറഞ്ഞ് 5,240 രൂപയും പവന് 160 രൂപ കുറഞ്ഞ് 41,920 രൂപയുമാണ് ഇന്നത്തെ വില.

$$$$$$$$$$$$$$

**കേരള തീരത്ത് ജാഗ്രതാ നിർദേശം**

കേരള തീരത്ത് നാളെ രാത്രി 11.30 വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യത. മത്സ്യത്തൊഴിലാളികൾക്കും തീരദേശവാസികൾക്കും സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി ജാഗ്രതാ നിർദേശം നൽകിയിട്ടുണ്ട്. എന്നാൽ കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് തടസ്സമില്ലെന്ന് കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

$$$$$$$$$$$$$$

**നിരോധനം പിൻവലിച്ചു**

തിരുവനന്തപുരം ജില്ലയിലെ ക്വാറീയിംഗ്,മൈനിംഗ് പ്രവർത്തനങ്ങൾക്കും, വിനോദസഞ്ചാരത്തിനും, കടലോര

/ കായലോര / മലയോര മേഖലയിലേക്കുള്ള ഗതാഗതത്തിനും, ബീച്ചുകളിലേക്കുള്ള പ്രവേശനത്തിനും ഏർപ്പെടുത്തിയിരുന്ന നിരോധനം പിൻവലിച്ച് ജില്ലാ കളക്ടർ ഉത്തരവിട്ടു. തിരുവനന്തപുരം താലൂക്കിൽ ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് നാളെ ജില്ലാ കളക്ടർ അവധി പ്രഖ്യാപിച്ചിട്ടുണ്ട്.

$$$$$$$$$$$$$

ശബരിമല

ശബരിമല, മാളികപ്പുറം ദേവസ്വങ്ങളിലേയ്ക്കുള്ള മേൽശാന്തി നിയമനത്തിന് തുലാമാസം ഒന്നിന് നടക്കുന്ന നറുക്കെടുപ്പിലേക്കായി തിരഞ്ഞെടുക്കപ്പെട്ടവരുടെ പട്ടിക പ്രസിദ്ധീകരിച്ചു. ശബരിമലയിലേക്ക് 17 പേരും മാളികപ്പുറം ക്ഷേത്രത്തിലേക്ക് 12 പേരും പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. തുലാം ഒന്നായ ഒക്ടോബർ 18ന് രാവിലെ ശബരിമല ധർമ്മശാസ്താക്ഷേത്രസന്നിധിയിലും മാളികപ്പുറം ക്ഷേത്രസന്നിധിയിലുമായി മേൽശാന്തി നറുക്കെടുപ്പ് നടക്കും.

$$$$$$$$$$$$$

$$$$$$$

$$